മിസ്റ്റർ കെ. എസ്സ്". പണിക്കർ: സർ, ഈ വഴി സംരക്ഷണത്തിനു" ഓരോ പഞ്ചായത്തിലേക്കും ഇത്ര സംഖ്യയെന്നു" നിശ്ചയിച്ചിട്ടുള്ളതു" ഏതുകൊല്ലത്തിലാണു"?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു" രണ്ടുമൂന്നു കൊല്ലമായി.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: There is heavy wheeled traffic on the roads. Do the Government feel that the work can be done with this small amount?

Rao Sahib P. V. Raphael *(Comptroller of Finance and Accounts)*: It was first fixed in 1108. Now we are giving additional allotments also for these roads to cover the extra expenditure now incurred.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: With regard to the nature of the road and heavy traffic will the Government be pleased to sanction a special allotment for this particular road?

Mr. Parambi Lonappen *(Minister for Rural Development)*: That will be considered.

TANK—KOZHINJAMPARA

465. മിസ്റ്റർ ആർ. എസ്സ്". തേവണ്ണഗൌണ്ടർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയാമോ.—

(എ) കൊഴിഞ്ഞാമ്പാറയിൽ പൊതുജനങ്ങളുടെ ആവശ്യത്തിന്നായി ഒരു കുളം ആവശ്യമാണെന്നു വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്നു എന്തു നടപടികളാണു" എടുത്തിട്ടുള്ളതു"?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉണ്ടു".

(ബി) അപേക്ഷയെപ്പറ്റി വേണ്ട അന്വേഷണം നടത്തി. കുളിക്കുവാനായി ഒരു പുതിയ കുളം അവിടെ അത്യാവശ്യമാണെന്നു കണ്ടില്ല.

മിസ്റ്റർ ആർ. എസ്സ്". തേവണ്ണ ഗൌണ്ടർ: കൊഴിഞ്ഞാമ്പാറയിൽ ആരു" ആരോടാണു" അന്വേഷിച്ചതു"?

മിസ്റ്റർ പറമ്പി ലോനപ്പൻ: പഞ്ചായത്തു" ഡിപ്പാർട്ടുമെണ്ടു" മുഖേനയാണു" അന്വേഷിച്ചതു". അന്വേഷണത്തിൽ അവിടെ വേറെ ഏരികളിൽ കുളിക്കാൻ സൌകര്യമുണ്ടെന്നുള്ളതായി കണ്ടു.

മിസ്റ്റർ ആർ. എസ്സ്". തേവണ്ണഗൌണ്ടർ: അവിടെ ആരോടാണു" അന്വേഷിച്ചതു"? അങ്ങിനെ പറയാൻ മരാമം വേണ്ടേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഡയറക്ടരുടെ റിപ്പോർട്ടു" അങ്ങിനെയാണു".

മിസ്റ്റർ പി. നാരായണമേനോൻ: അവിടെ പൊതുകുളങ്ങൾ എത്രയുണ്ടു"?

മിസ്റ്റർ പറമ്പി ലോനപ്പൻ: മൂന്നു ഏരികളും എല്ലാവക്കും കുളിക്കാവുന്നതായിട്ടുണ്ടു".

മിസ്റ്റർ പി. നാരായണമേനോൻ: അതല്ല എന്റെ ചോദ്യം. പൊതുകുളങ്ങൾ എത്രയുണ്ടെന്നാണു".

മിസ്റ്റർ പറമ്പി ലോനപ്പൻ: പൊതുകുളങ്ങൾ അല്ലെങ്കിലും അതിൽ കുളിക്കാൻ അനുവാദമുണ്ടു".

മിസ്റ്റർ പി. നാരായണമേനോൻ: പൊതുകുളങ്ങൾ ഉണ്ടോ ഇല്ലയോ എന്നാണു" ചോദ്യം.

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു" വേണം.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: കൊഴിഞ്ഞാമ്പാറയിൽ പൊതുജനങ്ങൾക്കു" കുളിക്കുവാൻ ഏതെങ്കിലും സൌകര്യപ്പെട്ട കുളം ഉണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മൂന്നു ഏരികളും ഉണ്ടു". പിന്നെ പുഴയുണ്ടു". അതിലൊക്കെ കുളിക്കാൻ വിരോധമില്ല.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അതു" ജന്മികളുടെ വക ഏരികളാണു". കൃഷിക്കു" വെള്ളം കൊടുക്കാതിരിക്കുമ്പോൾ ഉടമസ്ഥന്മാർ അതിൽ കുളിക്കുവാൻ അനുവദിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കുളിക്കുവാൻ അനുവദിക്കുന്നുണ്ടു".

മിസ്റ്റർ തേവണ്ണ ഗൌണ്ടർ: കുളിക്കുവാൻ അനുവദിച്ചാൽ പിന്നെ എന്തിനാണു" പെറിക്ഷൻ കൊടുക്കുന്നതു"?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെനിക്കറിഞ്ഞുകൂടാ.

മിസ്റ്റർ പി. നാരായണമേനോൻ: അവിടെ എത്ര ജനങ്ങളുണ്ട്?

മിസ്റ്റർ പറമ്പിലോനപ്പൻ: ഇപ്പോഴത്തെ കണക്കെനിക്കറിഞ്ഞുകൂടാ.

മിസ്റ്റർ പി. നാരായണമേനോൻ: ഏതെങ്കിലും ഒരു പൊതുകുളം ആവശ്യമാണെന്നു തോന്നിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചന്ദ്രം— ക്രം— ൽ ഇതിനെസംബന്ധിച്ചു് ഹജ്ജി വന്നിട്ടുണ്ടു്. അതിനുമുമ്പു് ഹജ്ജികളൊന്നും ചെന്നിട്ടില്ല. അതിനെക്കുറിച്ചു അനേഷിച്ചപ്പോൾ മുന്നു ഏരികളുണ്ടെന്നു് കണ്ടതിനാൽ വേറെ കുളം ആവശ്യമുണ്ടെന്നു തോന്നിയില്ല.

മിസ്റ്റർ പി. നാരായണമേനോൻ: എന്റെ ചോദ്യം അതല്ല. ഇതുവരെ നടത്തിട്ടുള്ള അനേഷണത്തിൽ എവിടെയെങ്കിലും ഒരു കുളം അത്യാവശ്യമാണെന്നു് തോന്നിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചന്ദ്രൻ ൽ ഒക്ടോബർ ചന്ദ്രാംസ- ഇങ്ങിനെ ഒരു ഹർജ്ജി മാത്രമേ കിട്ടിട്ടുള്ളു. അതിനുമുമ്പു് അതിനെപ്പറ്റി അനേഷിച്ചിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: എന്റെ ചോദ്യം അതല്ല. ഇതുവരെ കുളങ്ങൾക്കുവേണ്ടി കിട്ടീട്ടുള്ള അപേക്ഷകളെ തുടർന്നു് ഗവൺമെണ്ടു് അനേഷിച്ചിട്ടുള്ളതിനുശേഷം എവിടെയെങ്കിലും കുളിക്കാൻ ഒരു കുളം അത്യാവശ്യമാണെന്നു് തോന്നിട്ടുണ്ടോ എന്നാണു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്റ്റേറ്റു് ഒട്ടുക്കു് ചിലതൊക്കെ അത്യാവശ്യമാണെന്നു് കണ്ടിട്ടുണ്ടു്. അതു അനുവദിച്ചിട്ടുമുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ അത്യാവശ്യമാണെന്നു തോന്നീട്ടുള്ളതിൽ ഏതെങ്കിലും ഒന്നു ക്ലിപ്തമായി പറയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മണലൂർ ഒരു കുളം അത്യാവശ്യമാണെന്നു തോന്നീട്ടുണ്ടു്. അതിനു് ആർഡറും കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: എന്താണു് അത്യാവശ്യമാണെന്നു തോന്നാൻ കാരണം?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആവശ്യമാണെന്നു് അനേഷണംകൊണ്ടു് ബോദ്ധ്യപ്പെട്ടതുകൊണ്ടാണു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: സാധാരണ ഓരോ സ്ഥലത്തു് ചെല്ലുന്ന അവസരങ്ങളിൽ ഓരോ ആവശ്യങ്ങൾക്കായി വാഗ്ദാനം കൊടുക്കുന്നമാതിരി കൊടുക്കുകയാണൊ ഉണ്ടായതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെ പോയി അനേഷണം നടത്തിയതിനുശേഷം ബോദ്ധ്യപ്പെട്ടതുകൊണ്ടു് അനുവദിച്ചുകൊടുത്തിട്ടുള്ളതാണു്.

മിസ്റ്റർ തേവണ്ണ ഗൗണ്ടർ: അവിടെ കുളം ആവശ്യമില്ലെന്നു് പറഞ്ഞ ഒരാളുടെ പേരെങ്കിലും പറയാൻ സാധിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആവശ്യമുണ്ടെന്നും ഇല്ലെന്നും ഒരാളും പറഞ്ഞതല്ല. അനേഷിച്ചറിഞ്ഞതാണു്.

മിസ്റ്റർ ജോസു് കെ. വള്ളിസ്സു്: ഇങ്ങിനെ കുളങ്ങളെക്കുറിച്ചു് അനേഷണത്തിനായി പോകുമ്പോൾ ആ കോൺസ്റ്റിറ്റുവെൻസിയിലെ മെമ്പർമാർക്കു് അറിവുകൊടുക്കാറുണ്ടോ; അവരാരെങ്കിലും കൂടെ വരാറുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അറിവുകൊടുക്കും. വരുന്നവരും വരാത്തവരും ഉണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: കൊഴിഞ്ഞാമ്പാറയിൽ ഏരികൾ ഉണ്ടെന്നു പറഞ്ഞുവല്ലൊ. അതിൽ വെള്ളമുണ്ടാകുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വെള്ളമുണ്ടെന്നാണു് അറിവു്.

മിസ്റ്റർ സി. എസ്സു്. പണിക്കർ: അനേഷണത്തിനു് ചെന്നപ്പോൾ അവിടത്തെ എം. എൽ. സി. യെ അറിയിച്ചിട്ടുണ്ടൊ?

മിസ്റ്റർ പറമ്പിലോനപ്പൻ: ഞാനല്ല അനേഷിച്ചതു്. അതുകൊണ്ടു് അറിയിച്ചിട്ടുണ്ടൊ എന്നു തീർച്ചപറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൌണ്ടർ: എന്നോടു് അന്വേഷിക്കുവാൻ വല്ല വിരോധവുമുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഞാനല്ല അന്വേഷിച്ചതു്. എന്തുകൊണ്ടാണു് എം. എൽ. സി. യോടു് ചോദിക്കാതിരുന്നതെന്നു് അന്വേഷണം നടത്തിയ ആളോടു ചോദിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ചില എം. എൽ. സി. മാർ അറിവുകൊടുത്താൽ ചിലർ വരാറുണ്ടു്. ചിലർ വരാറില്ലെന്നു പറഞ്ഞു. അങ്ങിനെ വരാത്തവർ കൂടുമില്ലാത്തതിനെക്കുറിച്ചു് ആക്ഷേപിക്കയുണ്ടായിട്ടുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെ വരാത്തവരുടേയും മറവും പേരുകളും ദയവായി എന്നെക്കൊണ്ടു് പറയിക്കാതിരിക്കുകയായിരിക്കും നല്ലതു്.

മിസ്റ്റർ പി. നാരായണമേനോൻ: മണലൂർ പുതിയതായി കഴിക്കുവാൻ ആർഡർ കൊടുത്തിട്ടുള്ളതിനു പുറമെ വേറെ വല്ല പൊതുകളങ്ങളുമുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഏതൊ ചിലതുണ്ടു്. പക്ഷെ അവ ഉപയോഗിക്കത്തക്കു നിലയിലുള്ളവയല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഏതായാലും കൊഴിഞ്ഞാമ്പാറയിൽ കൂടും ആവശ്യമുണ്ടോ എന്നുള്ളതിനെക്കുറിച്ചു ഒന്നുകൂടി അന്വേഷിക്കാമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷിക്കാം.

SHED—MAHARAJA'S COLLEGE PLAY GROUND

466. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി നൽകുമോ.—

(എ) യുദ്ധപ്രദർശനാവശ്യത്തിലേക്കായി മഹാരാജാസ് കോളേജ് പ്ലേഗ്രൌണ്ടിൽ കെട്ടിയ കൊട്ടക ആരുടെ ചിലവിന്മേലാണു് കെട്ടിയതു്;

(ബി) ഗവണ്മെണ്ടു ചിലവിന്മേലാണെങ്കിൽ ആകെ എന്തു ചിലവായി;

(സി) യുദ്ധപ്രദർശനാനന്തരം ആ കൊട്ടക ലേലംചെയ്തു കൊടുത്തോ;

(ഡി) ലേലം ചെയ്തുവെങ്കിൽ എന്തു തുകക്കു ലേലംചെയ്തു;

(ഇ) ലേലം ചെയ്തില്ലെങ്കിൽ എന്തുകൊണ്ടു്;

(എഫ്) ലേലം ചെയ്തില്ലെങ്കിൽ ഇപ്പോഴും ആ കൊട്ടകയുടെ സ്ഥിതിയെന്തു്;

(ജി) ഈ ഇനത്തിൽ ഗവണ്മെണ്ടിനു് എന്തു നഷ്ടമുണ്ടായിട്ടുണ്ടു്;

(എച്ച്) ആരാണു് ആ നഷ്ടത്തിനു് ഉത്തരവാദി?

രാമവർമ്മ തമ്പുരാൻ:

(എ) ഗവണ്മെണ്ടു് ചിലവിന്മേൽ.

(ബി) ൧,൯൫ ഫ്രക. ഉണ.

(സി) & (ഡി) ആ കൊട്ടക ലേലംചെയ്തു കൊടുത്തിട്ടില്ല.

(ഇ) മഹാരാജാസ് കോളേജ് കട്ടികൾക്കു് ഉപയോഗിക്കുന്നതിന്നായി കൊട്ടക കോളേജ് പ്രിൻസിപ്പാളിനു് വിട്ടുകൊടുത്തു.

(എഫ്) ആ കൊട്ടക മഹാരാജാസ് കോളേജിലെ തൽക്കാലത്തേക്കുള്ള വ്യായാമശാലയായി ഉപയോഗിച്ചുപോരുന്നു. വരുന്ന വർഷക്കാലംവരെ യാതൊരു ബുദ്ധിമുട്ടും കൂടാതെ ആ കൊട്ടകയെ ഉദ്ദേശിച്ചിരിക്കുന്ന കാര്യത്തിനു് സൌകര്യമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നതരത്തിലുള്ളതാണു് അതിന്റെ ഇപ്പോഴത്തെ സ്ഥിതി. മേൽക്കൂട നന്നാക്കി വീണ്ടും ഓല മേയുന്നതായാൽ ഒന്നോ രണ്ടോ കൊല്ലത്തേക്കുകൂടി അതിനെ ഉപയോഗിക്കാവുന്നതാണു്.

(ജി) & (എച്ച്) ഉത്തരം ആവശ്യമില്ല.

CONTROLLED ARTICLES—DISPENSARIES AT TRIPPUNITHURA

467. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) തൃപ്പൂണിത്തുറ (ഫ) ഭാരത ഡിസ്പെൻസറി (ബ) കൃഷ്ണഡിസ്പെൻസറി (സ) കെ. ആർ. മേനോൻ & ബ്രദേഴ്സ് ഡ്രഗിസ്റ്റ്സ് & കെമിസ്റ്റ്സ് എന്നീ സ്ഥാപനങ്ങൾക്കു് എന്തെല്ലാം കൺട്രോൾഡ് പദാർത്ഥങ്ങൾ വില്ക്കുന്നതിന്നാണു് ലൈസൻസ്സ് കൊടുത്തിട്ടുള്ളതു്;

LIBRARY ARCHIVES Kerala Legislative Assembly